متن الأربعين النووية

من الأحاديث الصحيحة النبوية

ഭാഗം 01

Published By

ദീനുൽ ഇസ്ലാം

WhatsApp ISLAMIC Group

ADMIN : 7736713830

ആമുഖം

ഇസ്ലാമിന്റെ മൗലിക പ്രമാണങ്ങൾ പരിശുദ്ധ ഖുർആനും പ്രവാചക ചര്യയുമാണ്. അവ അറിയുകയും, ഉൾക്കൊള്ളുകയും ചെയ്യാതെ ആർക്കും യഥാർഥ മുസ്ലിമായി ജീവിക്കുക സാധ്യമല്ല.

ഇസ്ലാമിക ജീവിതം നയിക്കാൻ അനിവാര്യമായും അറിഞ്ഞിരിക്കേണ്ട ചില അടിസ്ഥാന വിഷയങ്ങളെ സംബന്ധിച്ച നാൽപത്തിരണ്ട് ഹദീസുകളെ സമാഹരിച്ചുകൊണ്ട് വിശ്വപ്രശസ്ത ഇസ്ലാമിക പണ്ഡിതൻ ഇമാം അബൂസ്സകരിയ്യാ യഹ്യബ്ല ശറഫ് അന്നവവി രചിച്ച മത്ൻൽ അർബഈൻ എന്ന കൊച്ചു കൃതി വളരെ പ്രസിദ്ധമാണല്ലോ. വിശ്വാസികൾക്ക് ഉപകരിക്കുമെന്നതിനാൽ ഹദീസ് നമ്പറുകൾ സഹിതം രണ്ട് ഭാഗങ്ങളിലായി പ്രസ്തുത ഗ്രന്ഥം തയ്യാർ ചെയ്തിരിക്കുകയാണിവിടെ.

ഏവർക്കും പരലോക വിജയത്തിന് ഈ സംരംഭം ഉപകരിക്കുമാറാകട്ടെ...

عَنْ أَمِيرِ الْمُؤْمِنِينَ أَبِي حَفْصٍ عُمَرَ بْنِ الْخَطَّابِ رَضِيَ اللهُ عَنْهُ قَالَ: سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ: "إنَّمَا الْأَعْمَالُ بِالنِّيَّاتِ، وَإِنَّمَا لِكُلِّ امْرِئٍ مَا نَوَى، فَمَنْ كَانَتْ هِجْرَتُهُ إلَى اللَّهِ وَرَسُولِهِ فَهِجْرَتُهُ إلَى اللَّهِ وَرَسُولِهِ، وَمَنْ كَانَتْ هِجْرَتُهُ لِدُنْيَا يُصِيبُهَا أَوْ امْرَأَةٍ يَنْكِحُهَا فَهِجْرَتُهُ إلَى مَا هَاجَرَ إلَيْهِ."

അമീറുൽ മുഅ്മിനീൻ അബൂ ഹഫ്സ്വ ഉമറുബ്നുൽ ഖത്ത്വാബ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ്വ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: “കർമങ്ങളെല്ലാം ഉദ്ദേശ്യങ്ങൾക്കനുസരിച്ചു മാത്രമാണ്. ആർക്കും അവനുദ്ദേശിച്ചതേ ലഭിക്കുകയുള്ളൂ. ആരെങ്കിലും ദൈവത്തിലേക്കും അവന്റെ ദൂതനിലേക്കും ഹിജ്റ പോകുന്നുവെങ്കിൽ അവന്റെ പാലായനം അല്ലാഹുവിലേക്കും അവന്റെ പ്രവാചകനിലേക്കും തന്നെ. ആരുടെയെങ്കിലും പാലായനം ഭൗതിക നേട്ടത്തിനോ സ്ത്രീയെ വിവാഹം കഴിക്കാനോ ആണെങ്കിൽ അവന്റെ ഹിജ്റ അവക്കുള്ളതാണ്.”

ബുഖാരിയും, മുസ്ലിമും ഉദ്ധരിച്ചത്. സ്വഹീഹുൽ ബുഖാരി 6689, സ്വഹീഹ് മുസ്ലിം 1907.

عَنْ عُمَرَ رَضِيَ اللهُ عَنْهُ أَيْضًا قَالَ: "بَيْنَمَا نَحْنُ جُلُوسٌ عِنْدَ رَسُولِ اللَّهِ صلى الله عليه و سلم ذَاتَ يَوْمٍ، إذْ طَلَعَ عَلَيْنَا رَجُلٌ شَدِيدُ بَيَاضِ الثِّيَابِ، شَدِيدُ سَوَادِ الشَّعْرِ، لَا يُرَى عَلَيْهِ أَثَرُ السَّفَرِ، وَلَا يَعْرِفُهُ مِنَّا أَحَدٌ. حَتَّى جَلَسَ إلَى النَّبِيِّ صلى الله عليه و سلم. فَأَسْنَدَ رُكْبَتَيْهِ إلَى رُكْبَتَيْهِ، وَوَضَعَ كَفَّيْهِ عَلَى فَخِذَيْهِ، وَقَالَ: يَا مُحَمَّدُ أَخْبِرْنِي عَنْ الْإِسْلَامِ. فَقَالَ رَسُولُ اللَّهِ صلى الله عليه و سلم الْإِسْلَامُ أَنْ تَشْهَدَ أَنْ لَا إلَهَ إلَّا اللَّهُ وَأَنَّ مُحَمَّدًا رَسُولُ اللَّهِ، وَتُقِيمَ الصَّلَاةَ، وَتُؤْتِيَ الزَّكَاةَ، وَتَصُومَ رَمَضَانَ، وَتَحُجَّ الْبَيْتَ إنْ اسْتَطَعْت إلَيْهِ سَبِيلًا. قَالَ: صَدَقْت . فَعَجِبْنَا لَهُ يَسْأَلُهُ وَيُصَدِّقُهُ! قَالَ: فَأَخْبِرْنِي عَنْ الْإِيمَانِ. قَالَ: أَنْ تُؤْمِنَ بِاَللَّهِ وَمَلَائِكَتِهِ وَكُتُبِهِ وَرُسُلِهِ وَالْيَوْمِ الْآخِرِ، وَتُؤْمِنَ بِالْقَدَرِ خَيْرِهِ وَشَرِّهِ. قَالَ: صَدَقْت. قَالَ: فَأَخْبِرْنِي عَنْ الْإِحْسَانِ. قَالَ: أَنْ تَعْبُدَ اللَّهَ كَأَنَّك تَرَاهُ، فَإِنْ لَمْ تَكُنْ تَرَاهُ فَإِنَّهُ يَرَاك. قَالَ: فَأَخْبِرْنِي عَنْ السَّاعَةِ. قَالَ: مَا الْمَسْئُولُ عَنْهَا بِأَعْلَمَ مِنْ السَّائِلِ. قَالَ: فَأَخْبِرْنِي عَنْ أَمَارَاتِهَا؟ قَالَ: أَنْ تَلِدَ الْأَمَةُ رَبَّتَهَا، وَأَنْ تَرَى الْحُفَاةَ الْعُرَاةَ الْعَالَةَ رِعَاءَ الشَّاءِ يَتَطَاوَلُونَ فِي الْبُنْيَانِ. ثُمَّ انْطَلَقَ، فَلَبِثْتُ مَلِيًّا، ثُمَّ قَالَ: يَا عُمَرُ أَتَدْرِي مَنْ السَّائِلُ؟. قُلْتُ: اللَّهُ وَرَسُولُهُ أَعْلَمُ. قَالَ: فَإِنَّهُ جِبْرِيلُ أَتَاكُمْ يُعَلِّمُكُمْ دِينَكُمْ."

ഉമർ(റ)വിൽ നിന്നുതന്നെയുള്ള നിവേദനം: അദ്ദേഹം പറഞ്ഞു: ഒരു ദിവസം ഞങ്ങൾ ദൈവദൂതന്റെ സന്നിധിയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ തനി വെള്ള വസ്ത്രമണിഞ്ഞ, കറുത്തിരുണ്ട മുടിയുള്ള ഒരാൾ ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. യാത്രയുടെ അടയാളങ്ങൾ അയാളിൽ കാണാനില്ല. ആരും അദ്ദേഹത്തെ അറിയുകയുമില്ല. അങ്ങനെ അയാൾ നബി(സ്വ)യുടെ അടുത്തിരുന്നു. തന്റെ കാൽമുട്ടുകൾ നബി(സ്വ)യുടെ കാൽമുട്ടുകളിൽ ചേർത്തുവെച്ചു. രണ്ട് കൈപ്പടങ്ങൾ രണ്ട് തുടകളിലും. എന്നിട്ട് പറഞ്ഞു: 'മുഹമ്മദ്, ഇസ്ലാമിനെ സംബന്ധിച്ച് എനിക്ക് അറിയിച്ചുതന്നാലും.' അപ്പോൾ ദൈവദൂതൻ

പറഞ്ഞു: "അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ല; മുഹമ്മദ് ദൈവദൂതനാണ് എന്ന് നീ സാക്ഷ്യപ്പെടുത്തുക, നമസ്കാരം നിഷ്ഠയോടെ അനുഷ്ഠിക്കുക, സകാത്ത് നൽകുക, റമദാനിൽ വ്രതമനുഷ്ഠിക്കുക, സാധിക്കുമെങ്കിൽ ദിവ്യഭവനത്തിങ്കൽ പോയി ഹജ്ജ് നിർവഹിക്കുക -ഇതാണ് ഇസ്ലാം."

ആഗതൻ പറഞ്ഞു: 'താങ്കൾ പറഞ്ഞത് ശരിയാണ്.' ഞങ്ങൾക്കദ്ഭുതമായി. അയാൾ അവിടത്തോട് ചോദിക്കുന്നു. ഉത്തരം ശരിവെക്കുകയും ചെയ്യുന്നു! അയാൾ തുടർന്നു: 'ഈമാനിനെക്കുറിച്ച് എനിക്കറിയിച്ച തന്നാലും.' അവിടുന്ന് പറഞ്ഞു: "അല്ലാഹുവിലും അവന്റെ മലക്കുകളിലും ഗ്രന്ഥങ്ങളിലും ദൂതൻമാരിലും അന്ത്യദിനത്തിലും വിധിയിലും -അത് ഗുണകരമായാലും ദോഷകര മായാലും- നീ വിശ്വസിക്കുകയെന്നതാണത്."

അദ്ദേഹം പറഞ്ഞു: 'താങ്കൾ പറഞ്ഞത് ശരിയാണ്.' അയാൾ വീണ്ടും പറഞ്ഞു: 'ഇഹ്സാനെപ്പറ്റി എനിക്ക് പറഞ്ഞുതരിക.' അവിടുന്ന് പറഞ്ഞു: "താങ്കൾ അല്ലാഹുവിനെ കാണുന്നുണ്ടെന്ന വിധം അവന് ഇബാദത്ത് ചെയ്യുക. നിശ്ചയം, അവൻ നിന്നെ കാണുന്നുണ്ട്. നീ അവനെ കാണുന്നില്ലെങ്കിലും."

അദ്ദേഹം പറഞ്ഞു: 'ലോകാവസാന സമയത്തെക്കുറിച്ച് എനിക്കറിയിച്ച തന്നാലും.' അവിടുന്ന് പ്രതിവചിച്ചു: "അന്വേഷിക്കപ്പെടുന്നവൻ അന്വേഷകനെക്കാൾ അക്കാര്യത്തിൽ വിവരം കൂടിയവനല്ല."

അദ്ദേഹം പറഞ്ഞു: 'എങ്കിൽ അതിന്റെ അടയാളങ്ങൾ അറിയിച്ച തന്നാലും.' അവിടുന്ന് അരുൾ ചെയ്തു: "അടിമസ്ത്രീ തന്റെ യജമാനത്തിയെ പ്രസവിക്കുക. നഗ്നപാദരും, ഉടുക്കാനില്ലാത്തവരും, ദരിദ്രരും, ആട്ടിടയരും, ഗംഭീര സൗധങ്ങൾ പണിയുന്നതിൽ മത്സരിക്കുന്നത് നീ കാണാനിടയാവുക."

പിന്നീട് അദ്ദേഹം അപ്രത്യക്ഷനായി. ഞാൻ കുറച്ച സമയം അവിടെത്തന്നെ നിന്നു. അപ്പോൾ അവിടുന്ന് ചോദിച്ചു: "ഉമറേ, ആ ചോദിച്ച

യാൾ ആരെന്ന് താങ്കൾക്കറിയുമോ?" ഞാൻ പറഞ്ഞു: 'ഏറ്റം അറിയുന്നത് അല്ലാഹുവും, അവന്റെ ദൂതനമാണ്.' അവിടുന്ന് അറിയിച്ചു: "അത് ജിബ്രീലാണ്. നിങ്ങൾക്ക നിങ്ങളുടെ ദീൻ പഠിപ്പിക്കാൻ വന്നതാണ്."

മുസ്ലിം ഉദ്ധരിച്ചത്. സ്വഹീഹ് മുസ്ലിം 4.

عَنْ أَبِي عَبْدِ الرَّحْمَنِ عَبْدِ اللَّهِ بْنِ عُمَرَ بْنِ الْخَطَّابِ رَضِيَ اللَّهُ عَنْهُمَا قَالَ: سَمِعْت رَسُولَ اللَّهِ صلى الله عليه و سلم يَقُولُ: "بُنِيَ الْإِسْلَامُ عَلَى خَمْسٍ: شَهَادَةِ أَنْ لَا إلَهَ إلَّا اللَّهُ وَأَنَّ مُحَمَّدًا رَسُولُ اللَّهِ، وَإِقَامِ الصَّلَاةِ، وَإِيتَاءِ الزَّكَاةِ، وَحَجِّ الْبَيْتِ، وَصَوْمِ رَمَضَانَ".

ഉമറുബ്നുൽ ഖത്ത്വാബിന്റെ മകൻ അബൂ അബ്ദിർറഹ്മാൻ അബ്ദുല്ലാഹ്(റ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: നബി(സ്വ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: "ഇസ്ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ച് തൂണുകളിലാണ്; അല്ലാഹു അല്ലാതെ ഒരു ഇലാഹുമില്ലെന്നും മുഹമ്മദ് അവന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കൽ, നമസ്കാരം നിഷ്ഠയോടെ അനുഷ്ഠിക്കൽ, സകാത്ത് നൽകൽ, ദൈവിക ഭവനത്തിങ്കൽ പോയി ഹജ്ജ് നിർവഹിക്കൽ, റമദാനിൽ വ്രതമനുഷ്ഠിക്കൽ."

ബുഖാരിയും, മുസ്ലിമും ഉദ്ധരിച്ചത്. സ്വഹീഹുൽ ബുഖാരി 8, സ്വഹീഹ് മുസ്ലിം 16.

عَنْ أَبِي عَبْدِ الرَّحْمَنِ عَبْدِ اللَّهِ بْنِ مَسْعُودٍ رَضِيَ اللهُ عَنْهُ قَالَ: حَدَّثَنَا رَسُولُ اللَّهِ صلى اللّٰه عليه و سلم وَهُوَ الصَّادِقُ الْمَصْدُوقُ: "إنَّ أَحَدَكُمْ يُجْمَعُ خَلْقُهُ فِي بَطْنِ أُمِّهِ أَرْبَعِينَ يَوْمًا نُطْفَةً، ثُمَّ يَكُونُ عَلَقَةً مِثْلَ ذَلِكَ، ثُمَّ يَكُونُ مُضْغَةً مِثْلَ ذَلِكَ، ثُمَّ يُرْسَلُ إلَيْهِ الْمَلَكُ فَيَنْفُخُ فِيهِ الرُّوحَ، وَيُؤْمَرُ بِأَرْبَعِ كَلِمَاتٍ: بِكَتْبِ رِزْقِهِ، وَأَجَلِهِ، وَعَمَلِهِ، وَشَقِيٍّ أَمْ سَعِيدٍ؛ فَوَاَللَّهِ الَّذِي لَا إلَهَ غَيْرُهُ إنَّ أَحَدَكُمْ لَيَعْمَلُ بِعَمَلِ أَهْلِ الْجَنَّةِ حَتَّى مَا يَكُونُ بَيْنَهُ وَبَيْنَهَا إلَّا ذِرَاعٌ فَيَسْبِقُ عَلَيْهِ الْكِتَابُ فَيَعْمَلُ بِعَمَلِ أَهْلِ النَّارِ فَيَدْخُلُهَا. وَإِنَّ أَحَدَكُمْ لَيَعْمَلُ بِعَمَلِ أَهْلِ النَّارِ حَتَّى مَا يَكُونُ بَيْنَهُ وَبَيْنَهَا إلَّا ذِرَاعٌ فَيَسْبِقُ عَلَيْهِ الْكِتَابُ فَيَعْمَلُ بِعَمَلِ أَهْلِ الْجَنَّةِ فَيَدْخُلُهَا."

അബൂ അബ്ദിർറഹ്മാൻ അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: സത്യസന്ധനും, വിശ്വസ്തനുമായ പ്രവാചകൻ ഞങ്ങളെ അറിയിച്ചിരിക്കുന്നു: “നിങ്ങളിൽ ഓരോരുത്തരുടെയും സൃഷ്ടി നാൽപത് ദിവസം തന്റെ മാതാവിന്റെ ഗർഭാശയത്തിൽ രേതസ്കണമായി നിലകൊള്ളുന്നു. പിന്നീട് അത്രതന്നെ കാലം ഒട്ടിപ്പിടിച്ച വസ്തുവായും. തുടർന്ന് മാംസക്കഷണമായും അത്രതന്നെ സ്ഥിതിചെയ്യുന്നു. പിന്നീട് അതിൽ ജീവചൈതന്യം സന്നിവേശിപ്പിക്കാൻ മലക്ക് നിയോഗിക്കപ്പെടുന്നു. ഭക്ഷണം, ജീവിതാവധി, പ്രവർത്തനം, ഭാഗ്യവാനോ നിർഭാഗ്യവാനോ എന്നീ നാല് കാര്യങ്ങൾ രേഖപ്പെടുത്താൻ മലക്ക് ആജ്ഞാപിക്കപ്പെടുകയും ചെയ്യുന്നു. അല്ലാഹുവാണ, അവനല്ലാതെ ഒരു ഇലാഹുമില്ല. നിങ്ങളിലൊരാൾ സ്വർഗാവകാശിയുടെ പ്രവർത്തനങ്ങൾ ചെയ്യും. അങ്ങനെ അവനും സ്വർഗത്തിനുമിടക്ക് ഒരു മുഴമേ അകലമുള്ളൂവെന്ന അവസ്ഥ വരും. അപ്പോൾ വിധി അവനെ മുൻകടക്കും. അവൻ നരകവാസിയുടെ കർമങ്ങൾ അനുഷ്ഠിക്കും. അങ്ങനെ അതിൽ പ്രവേശിക്കുകയും ചെയ്യും. നിങ്ങളിലൊരുത്തൻ നരകാവകാശിയുടെ പ്രവർത്തനരീതി പിന്തുടരും. അങ്ങനെ അവനും നരകത്തിനുമിടക്കുള്ള ദൂരം ഒരു മുഴം വരെയാകും.

അപ്പോൾ വിധി അവനെ മറികടക്കും. അങ്ങനെ അവൻ സ്വർഗ വാസിയുടെ കർമങ്ങൾ ആചരിക്കും. അതുവഴി അതിൽ പ്രവേശി ക്കുകയും ചെയ്യും.”

ബുഖാരിയും, മുസ്ലിമും ഉദ്ധരിച്ചത്. സ്വഹീഹുൽ ബുഖാരി 3208, സ്വഹീഹ് മുസ്ലിം 2643.

عَنْ أُمِّ الْمُؤْمِنِينَ أُمِّ عَبْدِ اللَّهِ عَائِشَةَ رَضِيَ اللَّهُ عَنْهَا، قَالَتْ: قَالَ: رَسُولُ اللَّهِ صلى الله عليه و سلم "مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ."

ഉമ്മുൽ മുഅ്മിനീൻ ഉമ്മു അബ്ദില്ലാഹ് ആയിശ(റ)യിൽ നിന്ന്: അവർ പറഞ്ഞു: നബി(സ്വ) പറഞ്ഞിരിക്കുന്നു: “നമ്മുടെ ഇക്കാര്യത്തിൽ അതിലില്ലാത്തത് ആരെങ്കിലും പുതുതായുണ്ടാക്കിയാൽ അത് നിരാകരിക്കപ്പെടേണ്ടതാണ്.”[5A]

وَفِي رِوَايَةٍ لِمُسْلِمٍ: "مَنْ عَمِلَ عَمَلًا لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ."

“നാം കൽപിച്ചതല്ലാത്ത വല്ല കർമവും ആരെങ്കിലും ചെയ്താൽ അത് അസ്വീകാര്യമാണ്”[5B] എന്നാണ് മുസ്ലിമിന്റെ മറ്റൊരു റിപ്പോർട്ടിലുള്ളത്.

ബുഖാരിയും, മുസ്ലിമും ഉദ്ധരിച്ചത്.

5A സ്വഹീഹുൽ ബുഖാരി 2697.

5B സ്വഹീഹ് മുസ്ലിം 1718.

عَنْ أَبِي عَبْدِ اللَّهِ النُّعْمَانِ بْنِ بَشِيرٍ رَضِيَ اللَّهُ عَنْهُمَا، قَالَ: سَمِعْت رَسُولَ اللَّهِ صلى الله عليه و سلم يَقُولُ: "إنَّ الْحَلَالَ بَيِّنٌ، وَإِنَّ الْحَرَامَ بَيِّنٌ، وَبَيْنَهُمَا أُمُورٌ مُشْتَبِهَاتٌ لَا يَعْلَمُهُنَّ كَثِيرٌ مِنْ النَّاسِ، فَمَنْ اتَّقَى الشُّبُهَاتِ فَقْدِ اسْتَبْرَأَ لِدِينِهِ وَعِرْضِهِ، وَمَنْ وَقَعَ فِي الشُّبُهَاتِ وَقَعَ فِي الْحَرَامِ، كَالرَّاعِي يَرْعَى حَوْلَ الْحِمَى يُوشِكُ أَنْ يَرْتَعَ فِيهِ، أَلَا وَإِنَّ لِكُلِّ مَلِكٍ حِمًى، أَلَا وَإِنَّ حِمَى اللَّهِ مَحَارِمُهُ، أَلَا وَإِنَّ فِي الْجَسَدِ مُضْغَةً إذَا صَلَحَتْ صَلَحَ الْجَسَدُ كُلُّهُ، وَإِذَا فَسَدَتْ فَسَدَ الْجَسَدُ كُلُّهُ، أَلَا وَهِيَ الْقَلْبُ".

അബൂ അബ്ദില്ലാഹ് നുഅ്മാനുബ്നു ബഷീർ(റ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: നബി(സ്വ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: “ഹലാൽ വ്യക്തം, ഹറാമും വ്യക്തം. എന്നാൽ അവക്കിടയിൽ സാദൃശ്യം തോന്നുന്ന അസ്പഷ്ടങ്ങളായ ചില കാര്യങ്ങളുണ്ട്. അധികപേർക്കും അവയുടെ യാഥാർഥ്യം അറിയുകയില്ല. അത്തരം അവ്യക്തതകളി ലകപ്പെടാതെ സൂക്ഷിക്കുന്നവൻ തന്റെ മതത്തെയും അഭിമാന ത്തെയും സംരക്ഷിച്ചിരിക്കുന്നു. അത്തരം അവ്യക്തതകളിൽ അകപ്പെ ടുന്നവൻ നിഷിദ്ധത്തിൽ വീഴുന്നു. അവൻ ഇടയനെപ്പോലെ യാണ്. അവൻ സംരക്ഷിത പ്രദേശത്തിനു ചുറ്റും മേയ്ക്കുന്നു. അതിനാൽ, അതിൽ കടന്നു മേയാനിടയാകുന്നു. എല്ലാ രാജാവിനും ഓരോ സംരക്ഷിത സ്ഥലമുണ്ട്. അറിയുക; അല്ലാഹുവിന്റെ സംരക്ഷിത മേഖല അവൻ നിഷിദ്ധമാക്കിയ കാര്യങ്ങളത്രെ★ അറിയുക; ശരീര ത്തിൽ ഒരു മാംസക്കഷണമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് ചീത്തയായാൽ ശരീരം മുഴുവനും ചീത്തയായി. അതത്രെ ഹൃദയം.”

ബുഖാരിയും, മുസ്ലിമും ഉദ്ധരിച്ചത്. സ്വഹീഹുൽ ബുഖാരി 52, സ്വഹീഹ് മുസ്ലിം 1599.

★ ഹറാമോ ഹലാലോ എന്ന് വ്യക്തമല്ലാത്തവ ഉപേക്ഷിക്കുകയാണ് വേണ്ടത്. രാജാക്കന്മാരുടെ, അന്യർക്ക് പ്രവേശനം നിഷേധിക്കപ്പെട്ട സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും നടക്കുന്നത് എപ്രകാരം ശിക്ഷാർഹമാകുന്നുവോ, അതുപോലെ അവ്യക്തമായവയും കുറ്റകരമാകാൻ സാധ്യതയുണ്ട്.

عَنْ أَبِي رُقَيَّةَ تَمِيمِ بْنِ أَوْسٍ الدَّارِيِّ رَضِيَ اللهُ عَنْهُ أَنَّ النَّبِيَّ صلى الله عليه وسلم قَالَ: "الدِّينُ النَّصِيحَةُ." قُلْنَا: لِمَنْ؟ قَالَ: "لِلَّهِ، وَلِكِتَابِهِ، وَلِرَسُولِهِ، وَلِأَئِمَّةِ الْمُسْلِمِينَ وَعَامَّتِهِمْ."

അബൂ റുഖിയ്യഃ തമീമുബ്നി ഔസിദ്ദാരി(റ)വിൽ നിന്ന്: നബി(സ്വ) പറഞ്ഞിരിക്കുന്നു: “മതമെന്നാൽ ഗുണകാംക്ഷയാണ്.” ഞങ്ങൾ ചോദിച്ചു: ‘ആരോട്?’ അവിടുന്ന് പറഞ്ഞു: “അല്ലാഹുവോടും, അവന്റെ ഗ്രന്ഥത്തോടും, അവന്റെ പ്രവാചകനോടും, മുസ്ലിംകളുടെ നേതാക്കളോടും, സാധാരണക്കാരോടും.”

മുസ്ലിം ഉദ്ധരിച്ചത്. സ്വഹീഹ് മുസ്ലിം 55.

عَنْ ابْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا، أَنَّ رَسُولَ اللَّهِ صلى الله عليه و سلم قَالَ: "أُمِرْتُ أَنْ أُقَاتِلَ النَّاسَ حَتَّى يَشْهَدُوا أَنْ لَا إلَهَ إلَّا اللَّهُ وَأَنَّ مُحَمَّدًا رَسُولُ اللَّهِ، وَيُقِيمُوا الصَّلَاةَ، وَيُؤْتُوا الزَّكَاةَ؛ فَإِذَا فَعَلُوا ذَلِكَ عَصَمُوا مِنِّي دِمَاءَهُمْ وَأَمْوَالَهُمْ إلَّا بِحَقِّ الْإِسْلَامِ، وَحِسَابُهُمْ عَلَى اللَّهِ تَعَالَى".

ഇബ്നു ഉമർ(റ)വിൽ നിന്ന്: നബി(സ്വ) പറഞ്ഞിരിക്കുന്നു: "അല്ലാഹു അല്ലാതെ ഒരു ഇലാഹില്ലെന്നും മുഹമ്മദ് ദൈവദൂതനാണെന്നും സാക്ഷ്യം വഹിക്കുക, നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക, സകാത്ത് നൽകുക; ഇതെല്ലാം ചെയ്യുന്നതുവരെ ജനങ്ങളോട് സമരം ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. അവരത് ചെയ്താൽ അവരുടെ രക്തവും ധനവും എന്നിൽ നിന്ന് സുരക്ഷിതമായി -ഇസ്ലാമിന്റെ ബാധ്യതപ്രകാരമുള്ളതൊഴിച്ച്. അവരുടെ കണക്ക് പരിശോധിക്കുക അത്യുന്നതനായ അല്ലാഹുവാണ്."

ബുഖാരിയും, മുസ്ലിമും ഉദ്ധരിച്ചത്. സ്വഹീഹുൽ ബുഖാരി 25, സ്വഹീഹ് മുസ്ലിം 22.

ഗൂഢാലോചനകളും കരാർ ലംഘനങ്ങളും പതിവാക്കുകയും, വിശ്വാസികളുമായി ശത്രുതയിൽ വർത്തിക്കുകയും ചെയ്യുന്ന ബഹുദൈവ വിശ്വാസികളാണ് ഇവിടെ 'നാസ്' എന്നതുകൊണ്ട് വിവക്ഷ. കരാർ പാലിക്കുകയും ശത്രുക്കളെ സഹായിക്കാതിരിക്കുകയും ചെയ്യുന്ന സമാധാന കാംക്ഷികളായ ബഹുദൈവ വിശ്വാസികൾ ഇതിൽ നിന്ന് ഒഴിവാണ്.

യുദ്ധത്തിനിടെ ഒരുവൻ പശ്ചാത്തപിക്കുകയും, സാക്ഷ്യവാക്യം ഉച്ചരിക്കുകയും ചെയ്താൽ അവനോട് യുദ്ധം പാടില്ലെന്നും, ശേഷം നമസ്കരിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നതോടെ അവിശ്വാസം കൈവെടിഞ്ഞ് വിശ്വാസം വരിച്ചവനായി അവനെ അംഗീകരിക്കപ്പെടുന്നുവെന്നും ഈ ഹദീസിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. (അത്തൗബ 1-5, സുനൻ അബീദാവൂദ് 2642, ഇബ്നുതൈമിയ്യയുടെ മജ്മൂഉൽ ഫതാവാ 19/20 എന്നിവ കാണുക).

عَنْ أَبِي هُرَيْرَةَ عَبْدِ الرَّحْمَنِ بْنِ صَخْرٍ رَضِيَ اللهُ عَنْهُ قَالَ: سَمِعْت رَسُولَ اللَّهِ صلى الله عليه و سلم يَقُولُ: "مَا نَهَيْتُكُمْ عَنْهُ فَاجْتَنِبُوهُ، وَمَا أَمَرْتُكُمْ بِهِ فَأْتُوا مِنْهُ مَا اسْتَطَعْتُمْ، فَإِنَّمَا أَهْلَكَ الَّذِينَ مِنْ قَبْلِكُمْ كَثْرَةُ مَسَائِلِهِمْ وَاخْتِلَافُهُمْ عَلَى أَنْبِيَائِهِمْ".

അബൂ ഹുറൈറ അബ്ദുർറഹ്മാനിബ്നു സഖ്ർ(റ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: നബി(സ്വ) പറയുന്നത് ഞാൻ കേട്ടു: “ഞാൻ നിങ്ങളോട് വിലക്കിയ കാര്യങ്ങളെല്ലാം ഉപേക്ഷിക്കുക. ഞാൻ നിങ്ങളോട് കൽപിച്ച കാര്യങ്ങളിൽനിന്ന് സാധ്യമായത്ര ചെയ്യുക. നിങ്ങളുടെ മുൻഗാമികളെ നശിപ്പിച്ചത് ചോദ്യങ്ങളുടെ ആധിക്യവും പ്രവാചക ന്മാരോടുള്ള വിയോജിപ്പുമാണ്.”

ബുഖാരിയും, മുസ്ലിമും ഉദ്ധരിച്ചത്. സ്വഹീഹുൽ ബുഖാരി 7288, സ്വഹീഹ് മുസ്ലിം 1337.

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صلى الله عليه و سلم "إِنَّ اللَّهَ طَيِّبٌ لَا يَقْبَلُ إِلَّا طَيِّبًا، وَإِنَّ اللَّهَ أَمَرَ الْمُؤْمِنِينَ بِمَا أَمَرَ بِهِ الْمُرْسَلِينَ فَقَالَ تَعَالَى: "يَا أَيُّهَا الرُّسُلُ كُلُوا مِنْ الطَّيِّبَاتِ وَاعْمَلُوا صَالِحًا"، وَقَالَ تَعَالَى: "يَا أَيُّهَا الَّذِينَ آمَنُوا كُلُوا مِنْ طَيِّبَاتِ مَا رَزَقْنَاكُمْ" ثُمَّ ذَكَرَ الرَّجُلَ يُطِيلُ السَّفَرَ أَشْعَثَ أَغْبَرَ يَمُدُّ يَدَيْهِ إلَى السَّمَاءِ: يَا رَبِّ! يَا رَبِّ! وَمَطْعَمُهُ حَرَامٌ، وَمَشْرَبُهُ حَرَامٌ، وَمَلْبَسُهُ حَرَامٌ، وَغُذِّيَ بِالْحَرَامِ، فَأَنَّى يُسْتَجَابُ لَهُ؟"

അബൂ ഹുറൈറ(റ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: നബി(സ്വ) അരുളി: “അല്ലാഹു നല്ലവനാണ്. നല്ലതല്ലാതെ അവൻ സ്വീകരിക്കില്ല. അല്ലാഹു അവന്റെ ദൂതന്മാരോട് ആജ്ഞാപിച്ചത് തന്നെയാകുന്നു സത്യവിശ്വാസികളോടും കൽപിച്ചത്. അല്ലാഹു പറഞ്ഞിരിക്കുന്നു: ‘അല്ലയോ ദൂതൻമാരേ, നിങ്ങൾ നല്ലത് ഭക്ഷിക്കുക, നല്ലത് പ്രവർത്തിക്കുകയും ചെയ്യുക.’★ അവൻ പറഞ്ഞിട്ടുണ്ട്: ‘സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന് നല്ലത് ഭക്ഷിക്കുക.’★★ പിന്നീട് അവിടുന്ന് ഒരാളെ അനുസ്മരിച്ചു. അയാൾ ദീർഘമായി യാത്ര ചെയ്തിട്ടുണ്ട്. മുടി ജടപിടിച്ചിട്ടുണ്ട്. പൊടി പുരണ്ടിട്ടുണ്ട്. ഇരു കരങ്ങളും ആകാശത്തേക്കുയർത്തി ‘എന്റെ നാഥാ! എന്റെ നാഥാ!’ എന്ന് പ്രാർഥിക്കുന്നുമുണ്ട്. അയാൾ കഴിക്കുന്ന ആഹാരം നിഷിദ്ധമാണ്. കുടിക്കുന്ന പാനീയം നിഷിദ്ധമാണ്. ധരിക്കുന്ന വസ്ത്രം നിഷിദ്ധമാണ്. അനുവദനീയമല്ലാത്ത വിധം വളർത്തപ്പെട്ടവനുമാണ്. പിന്നെ എങ്ങനെയാണ് അയാൾക്ക് ഉത്തരം നൽകപ്പെടുക!”

മുസ്ലിം ഉദ്ധരിച്ചത്. സ്വഹീഹ് മുസ്ലിം 1015.

★ വി.ഖുർആൻ 23:51. ★★ വി.ഖുർആൻ 2:172.

عَنْ أَبِي مُحَمَّدٍ الْحَسَنِ بْنِ عَلِيِّ بْنِ أَبِي طَالِبٍ سِبْطِ رَسُولِ اللَّهِ صلى الله عليه و سلم وَرَيْحَانَتِهِ رَضِيَ اللَّهُ عَنْهُمَا، قَالَ: حَفِظْتُ مِنْ رَسُولِ اللَّهِ صلى الله عليه و سلم "دَعْ مَا يُرِيبُك إلَى مَا لَا يُرِيبُك".

നബി(സ്വ)യുടെ പൗത്രനും അവിടത്തെ സ്നേഹനിധിയും അലി(റ) വിന്റെ പുത്രനമായ അബൂ മുഹമ്മദ് ഹസൻ(റ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: നബി(സ്വ)യിൽ നിന്ന് ഞാനിങ്ങനെ മനഃപാഠമാക്കിയിട്ടുണ്ട്: “സംശയമുണ്ടാക്കുന്ന കാര്യങ്ങൾ നീ ഉപേക്ഷിക്കുക. എന്നിട്ട് സംശയത്തിന് ഇടം നൽകാത്തത് ചെയ്യുക.”

തിർമിദിയും, നസാഇൗയും ഉദ്ധരിച്ചത്. ജാമിഅ് തിർമിദി 2520, സുനൻ നസാഇൗ 5711.

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صلى الله عليه و سلم "مِنْ حُسْنِ إِسْلَامِ الْمَرْءِ تَرْكُهُ مَا لَا يَعْنِيهِ."

അബൂ ഹുറൈറ(റ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: നബി(സ്വ) അരുൾ ചെയ്തിരിക്കുന്നു: "തനിക്ക് ബന്ധമില്ലാത്ത കാര്യങ്ങളിൽ ഇടപെടാതിരിക്കൽ ഒരാളെ ഉത്തമ മുസ്ലിമാക്കിത്തീർക്കുന്ന കാര്യങ്ങളിൽപ്പെടുന്നു."

തിർമിദിയും, മറ്റും ഉദ്ധരിച്ചത്. ജാമിഅ് തിർമിദി 2318, സുനൻ ഇബ്നുമാജ 3976, അൽ മുവത്വഅ് 1638.

عَنْ أَبِي حَمْزَةَ أَنَسِ بْنِ مَالِكٍ رَضِيَ اللهُ عَنْهُ خَادِمِ رَسُولِ اللَّهِ صلى الله عليه و سلم عَنْ النَّبِيِّ صلى الله عليه و سلم قَالَ: "لَا يُؤْمِنُ أَحَدُكُمْ حَتَّى يُحِبَّ لِأَخِيهِ مَا يُحِبُّ لِنَفْسِهِ."

നബി(സ്വ)യുടെ പരിചാരകൻ അബൂ ഹംസ അനസിബ്നു മാലിക്(റ) വിൽ നിന്ന്: നബി(സ്വ) പറഞ്ഞിരിക്കുന്നു: “സ്വന്തത്തിനുവേണ്ടി ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനു വേണ്ടിയും ഇഷ്ടപ്പെടുന്നതുവരെ നിങ്ങളിലാരും സത്യവിശ്വാസിയാവുകയില്ല.”

ബുഖാരിയും, മുസ്ലിമും ഉദ്ധരിച്ചത്. സ്വഹീഹുൽ ബുഖാരി 13, സ്വഹീഹ് മുസ്ലിം 45.

عَنْ ابْنِ مَسْعُودٍ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صلى الله عليه و سلم "لَا يَحِلُّ دَمُ امْرِئٍ مُسْلِمٍ [يشهد أن لا إله إلا الله، وأني رسول الله] إلَّا بِإِحْدَى ثَلَاثٍ: الثَّيِّبُ الزَّانِي، وَالنَّفْسُ بِالنَّفْسِ، وَالتَّارِكُ لِدِينِهِ الْمُفَارِقُ لِلْجَمَاعَةِ."

ഇബ്നു മസ്ഊദ്(റ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: നബി(സ്വ) പറഞ്ഞിരിക്കുന്നു: "വിവാഹിതനായ വ്യഭിചാരി, വധിക്കപ്പെടേണ്ട കൊലയാളി, സമൂഹവുമായി ബന്ധം വേർപെടുത്തിയ മതപരിത്യാഗി എന്നീ മൂന്നാളുകളിൽപ്പെടാത്ത [അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും, ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുന്ന] മുസ്ലിമായ മനുഷ്യന്റെ രക്തം ചിന്തുക അനുവദനീയമല്ല."

ബുഖാരിയും, മുസ്ലിമും ഉദ്ധരിച്ചത്. സ്വഹീഹുൽ ബുഖാരി 6878, സ്വഹീഹ് മുസ്ലിം 1676.

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ أَنَّ رَسُولَ اللَّهِ صلى الله عليه و سلم قَالَ: "مَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيَقُلْ خَيْرًا أَوْ لِيَصْمُتْ، وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيُكْرِمْ جَارَهُ، وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيُكْرِمْ ضَيْفَه."

അബൂ ഹുറൈറ(റ)വിൽ നിന്ന്: നബി(സ) പറഞ്ഞിരിക്കുന്നു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവെങ്കിൽ അവൻ നല്ലത് പറയട്ടെ; അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ. ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവെങ്കിൽ അവൻ അയൽക്കാരനെ ആദരിക്കട്ടെ. ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവെങ്കിൽ അവൻ തന്റെ അതിഥിയെ ബഹുമാനിക്കട്ടെ."

ബുഖാരിയും, മുസ്ലിമും ഉദ്ധരിച്ചത്. സ്വഹീഹുൽ ബുഖാരി 6018, സ്വഹീഹ് മുസ്ലിം 47.

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ أَنَّ رَجُلًا قَالَ لِلنَّبِيِّ صلى الله عليه و سلم "أَوْصِنِي. قَالَ: لَا تَغْضَبْ، فَرَدَّدَ مِرَارًا، قَالَ: لَا تَغْضَبْ."

അബൂ ഹുറൈറ(റ)വിൽ നിന്ന്: ഒരാൾ നബി(സ്വ)യോട് ആവശ്യപ്പെട്ടു: 'എന്നെ ഉപദേശിക്കുക.' അവിടുന്ന് പറഞ്ഞു: "നീ കോപിക്കരുത്." അപ്പോഴദ്ദേഹം അതേ ആവശ്യം തന്നെ പല തവണ ആവർത്തിച്ചു. അവിടുന്ന് അതേ മറുപടിയും: "നീ കോപിക്കരുത്."

ബുഖാരി ഉദ്ധരിച്ചത്. സ്വഹീഹുൽ ബുഖാരി 6116.

عَنْ أَبِي يَعْلَى شَدَّادِ بْنِ أَوْسٍ رَضِيَ اللهُ عَنْهُ عَنْ رَسُولِ اللَّهِ صلى الله عليه و سلم قَالَ: "إنَّ اللَّهَ كَتَبَ الْإِحْسَانَ عَلَى كُلِّ شَيْءٍ، فَإِذَا قَتَلْتُمْ فَأَحْسِنُوا الْقِتْلَةَ، وَإِذَا ذَبَحْتُمْ فَأَحْسِنُوا الذِّبْحَةَ، وَلْيُحِدَّ أَحَدُكُمْ شَفْرَتَهُ، وَلْيُرِحْ ذَبِيحَتَهُ."

അബൂ യഅലാ ശദ്ദാദിബ്നു ഔസ്(റ)വിൽ നിന്ന്: നബി(സ്വ) അരുളിയിരിക്കുന്നു: “ഏതു കാര്യത്തിലും നന്മ വേണമെന്നാണ് അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്. അതിനാൽ നിങ്ങൾ കൊല്ലുക യാണെങ്കിൽ പോലും നല്ല നിലയിൽ കൊല്ലണം. അറുക്കുന്നുവെങ്കിൽ അറവ് നന്നാക്കണം. നിങ്ങളോരോരുത്തരും വായ്ത്തല മൂർച്ച കൂട്ടണം. ഉരുവിന് ആശ്വാസം നൽകുകയും വേണം.”

മുസ്ലിം ഉദ്ധരിച്ചത്. സ്വഹീഹ് മുസ്ലിം 1955.

عَنْ أَبِي ذَرٍّ جُنْدَبِ بْنِ جُنَادَةَ، وَأَبِي عَبْدِ الرَّحْمَنِ مُعَاذِ بْنِ جَبَلٍ رَضِيَ اللَّهُ عَنْهُمَا، عَنْ رَسُولِ اللَّهِ صلى الله عليه و سلم قَالَ: "اتَّقِ اللَّهَ حَيْثُمَا كُنْت، وَأَتْبِعْ السَّيِّئَةَ الْحَسَنَةَ تَمْحُهَا، وَخَالِقْ النَّاسَ بِخُلُقٍ حَسَنٍ".

അബൂദർറ് ജുൻദുബിബ്നു ജുനാദഃ(റ), അബൂ അബ്ദിർറഹ്മാൻ മുആദിബ്നു ജബൽ(റ) എന്നിവരിൽ നിന്ന്: നബി(സ്വ) പറഞ്ഞിരിക്കുന്നു: “നീ എവിടെയായിരുന്നാലും അല്ലാഹുവിനെ സൂക്ഷിക്കുക. സംഭവിച്ചു പോയ തിന്മയെ തുടർന്ന് നന്മ ചെയ്യുക. അത് തിന്മയെ മായ്ച്ചുകളയും. ജനങ്ങളോട് സൽസ്വഭാവത്തോടെ പെരുമാറുകയും ചെയ്യുക.”

തിർമിദി ഉദ്ധരിച്ചത്. ജാമിഅ് തിർമിദി 1987.

عَنْ أَبِي الْعَبَّاسِ عَبْدِ اللَّهِ بْنِ عَبَّاسٍ رَضِيَ اللَّهُ عَنْهُمَا قَالَ: "كُنْت خَلْفَ رَسُولِ اللَّهِ صلى الله عليه و سلم يَوْمًا، فَقَالَ: يَا غُلَامِ! إنِّي أُعَلِّمُك كَلِمَاتٍ: احْفَظْ اللَّهَ يَحْفَظْك، احْفَظْ اللَّهَ تَجِدْهُ تُجَاهَك، إذَا سَأَلْت فَاسْأَلْ اللَّهَ، وَإِذَا اسْتَعَنْت فَاسْتَعِنْ بِاَللَّهِ، وَاعْلَمْ أَنَّ الْأُمَّةَ لَوْ اجْتَمَعَتْ عَلَى أَنْ يَنْفَعُوك بِشَيْءٍ لَمْ يَنْفَعُوك إلَّا بِشَيْءٍ قَدْ كَتَبَهُ اللَّهُ لَك، وَإِنْ اجْتَمَعُوا عَلَى أَنْ يَضُرُّوك بِشَيْءٍ لَمْ يَضُرُّوك إلَّا بِشَيْءٍ قَدْ كَتَبَهُ اللَّهُ عَلَيْك؛ رُفِعَتْ الْأَقْلَامُ، وَجَفَّتْ الصُّحُفُ."

അബുൽ അബ്ബാസ് അബ്ദുല്ലാഹിബ്നു അബ്ബാസ്(റ)വിൽ നിന്ന്: അദ്ദേഹം പറയുന്നു: ഒരു ദിവസം ഞാൻ നബി(സ്വ)യുടെ പിന്നിലായിരുന്നു. അപ്പോൾ അവിടുന്ന് എന്നോട് പറഞ്ഞു: “കുട്ടീ, ഞാൻ നിനക്ക് ഏതാനും വചനങ്ങൾ പഠിപ്പിച്ചുതരട്ടെ! നീ അല്ലാഹുവിനെ ഓർത്തുകൊണ്ടിരിക്കുക; എങ്കിൽ അവൻ നിന്നെ സംരക്ഷിക്കും. നീ അല്ലാഹുവെ സൂക്ഷിച്ചുകൊണ്ടിരിക്കുക; എങ്കിൽ നിനക്കവനെ നിന്റെ മുന്നിൽ തന്നെ കാണാം. നീ വല്ലതും ചോദിക്കുന്നുവെങ്കിൽ അല്ലാഹുവോട് ചോദിക്കുക; നീ സഹായം തേടുന്നുവെങ്കിൽ അല്ലാഹുവോട് സഹായാർഥന നടത്തുക. അറിയുക: നിനക്കൊരു ഉപകാരം ചെയ്യാൻ ജനത ഒന്നടങ്കം ഒരുമിച്ചുകൂടിയാലും നിനക്കെന്തെങ്കിലും ഗുണം ചെയ്യാൻ അവർക്ക് കഴിയില്ല; അല്ലാഹു നിനക്ക് നിശ്ചയിച്ചതല്ലാതെ. നിനക്ക് വല്ല ദ്രോഹവും ചെയ്യാൻ അവർ ഒത്തുകൂടിയാലും അല്ലാഹു നിന്റെമേൽ വിധിച്ചതല്ലാതെ നിനക്കൊരുപദ്രവവും വരുത്താൻ അവർക്ക് സാധ്യമല്ല. പേനകൾ ഉയർത്തപ്പെട്ടിരിക്കുന്നു; ഏടുകൾ ഉണങ്ങുകയും.”[19A]

وَفِي رِوَايَةِ غَيْرِ التِّرْمِذِيِّ: "احْفَظْ اللَّهَ تَجِدْهُ أمامك، تَعَرَّفْ إلَى اللَّهِ فِي الرَّخَاءِ يَعْرِفُك فِي الشِّدَّةِ، وَاعْلَمْ أَنَّ مَا أَخْطَأَك لَمْ يَكُنْ لِيُصِيبَك، وَمَا أَصَابَك لَمْ يَكُنْ لِيُخْطِئَك، وَاعْلَمْ أَنَّ النَّصْرَ مَعَ الصَّبْرِ، وَأَنْ الْفَرَجَ مَعَ الْكَرْبِ، وَأَنَّ مَعَ الْعُسْرِ يُسْرًا".

മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: "നീ അല്ലാഹുവെ ഓർത്തു കൊണ്ടിരിക്കുക; നിനക്കവനെ നിന്റെ മുന്നിൽത്തന്നെ കാണാം! ഐശ്വര്യാവസ്ഥയിൽ നീ അല്ലാഹുവിനെ അറിഞ്ഞുപെരുമാറുക; എങ്കിൽ വിഷമഘട്ടത്തിൽ അവൻ നിന്നോടും അറിഞ്ഞുപെരുമാറും! അറിയുക: നിന്നിൽനിന്നു മാറിപ്പോയ വിപത്ത് നിന്നെ ബാധിക്കുമായിരുന്നില്ല. നിന്നെ ബാധിച്ചത് നിന്നിൽനിന്ന് മാറിപ്പോകുമായിരുന്നുമില്ല. അറിയുക: വിജയം ക്ഷമയോടൊപ്പമാണ്; ആശ്വാസം പ്രയാസത്തിന്റെ കൂടെയും. നിശ്ചയം ആയാസത്തോടൊപ്പം അനായാസമുണ്ട്."[19B]

തിർമിദിയും, അഹ്മദും ഉദ്ധരിച്ചത്.

19A ജാമിഅ് തിർമിദി 2516.

19B മുസ്നദ് അഹ്മദ് 2803.

عَنْ أَبِي مَسْعُودٍ عُقْبَةَ بْنِ عَمْرٍو الْأَنْصَارِيِّ الْبَدْرِيِّ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صلى الله عليه و سلم "إِنَّ مِمَّا أَدْرَكَ النَّاسُ مِنْ كَلَامِ النُّبُوَّةِ الْأُولَى: إِذَا لَمْ تَسْتَحِ فَاصْنَعْ مَا شِئْتَ".

അൻസ്വാരിയും ബദ്ർ യോദ്ധാവുമായ അബൂ മസ്ഊദ് ഉഖ്ബതിബ്നു അംറ്(റ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: നബി(സ്വ) പറഞ്ഞിരിക്കുന്നു: “എല്ലാ പ്രവാചകൻമാരിൽ നിന്നും ജനങ്ങൾക്ക് ലഭിച്ച ആദ്യപാഠങ്ങളിൽപെട്ടതാണ്, ‘നിനക്ക് നാണമില്ലെങ്കിൽ നീ തോന്നുന്നതൊക്കെ ചെയ്തോള്ളൂ’ എന്നത്.”

ബുഖാരി ഉദ്ധരിച്ചത്. സ്വഹീഹുൽ ബുഖാരി 3483.

عَنْ أَبِي عَمْرٍو وَقِيلَ: أَبِي عَمْرَةَ سُفْيَانَ بْنِ عَبْدِ اللَّهِ رَضِيَ اللهُ عَنْهُ قَالَ: "قُلْت: يَا رَسُولَ اللَّهِ! قُلْ لِي فِي الْإِسْلَامِ قَوْلًا لَا أَسْأَلُ عَنْهُ أَحَدًا غَيْرَك؛ قَالَ: قُلْ: آمَنْت بِاَللَّهِ ثُمَّ اسْتَقِمْ".

അബൂ അംറ് -അബൂ അംറഃ എന്നാണെന്നും അഭിപ്രായമുണ്ട്- സുഫ്യാനബ്നു അബ്ദില്ലാഹ്(റ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അവിടുന്ന് എനിക്ക് ഇസ്ലാമിനെ പ്പറ്റി ഒരു വിവരണം തന്നാലും. താങ്കളോടല്ലാതെ അതെക്കുറിച്ച് ആരോടും ഞാൻ ചോദിക്കില്ല.' അവിടുന്ന് പ്രതിവചിച്ചു: "ഞാൻ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുക; എന്നിട്ട് ശരിയായി നിലകൊള്ളുകയും ചെയ്യുക."

മുസ്ലിം ഉദ്ധരിച്ചത്. സ്വഹീഹ് മുസ്ലിം 38.